LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

2004 ജൂലൈ 7, ബുധൻ

വാല്യം CXXI] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 2004 ജൂലൈ മാസം 7-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. സുന്ദരൻ നാടാരുടെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ.....ഓർഡർ.....ചോദ്യം നമ്പർ 205.

കൃഷിസ്ഥലങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയാൻ നടപടി

*1 [205] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:

„ സി. ടി. അഹമ്മദ് അലി:

„ കളത്തിൽ അബ്ദുള്ള:

„ സി. മോയിൻകുട്ടി:

„ പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിസ്ഥലങ്ങൾ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമൂലം നെൽ കൃഷിയും തോട്ടവിള കൃഷിയും നടത്തുന്ന സ്ഥലത്തിന്റെ വിസ്തൃതി കുറഞ്ഞു വരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലാന്റ് യൂട്ടിലൈസേഷൻ നിയമത്തിനെതിരായി കൃഷി സ്ഥലങ്ങൾ മറ്റാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതു തടയുന്നതിനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സംവിധാനം കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിനും കൃഷി സ്ഥലങ്ങളുടെ വിസ്തൃതി നിലനിർത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) സംസ്ഥാനത്ത് നെൽകൃഷി നടത്തുന്ന സ്ഥലത്തിന്റെ വിസ്തൃതി കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തോട്ടവിളകൾ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയിൽ കുറവു വന്നതായി കാണുന്നില്ല. വീടുകൾ വയ്ക്കാനും കടകൾ മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കും എത്രകര പുരയിടങ്ങൾ ഉപയോഗിച്ചിട്ടുണ്ട് എന്ന് കൃഷി വകുപ്പിൽ കണക്കില്ല.

(ബി) 1967-ൽ നിലവിൽ വന്ന കേരള ലാന്റ് യൂട്ടിലൈസേഷൻ നിയമ പ്രകാരം നെൽകൃഷി നടത്തുന്ന സ്ഥലങ്ങൾ യാതൊരു കാരണവശാലും പരിവർത്തനം ചെയ്ത് മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കാൻ പാടില്ല. അനധികൃതമായി നെൽപ്പാടം നികത്തുന്നതിനെതിരെ അതാതു ജില്ലകളിലെ ജില്ലാ കളക്ടർമാർ/റവന്യൂ ഡിവിഷണൽ ഓഫീസർമാർ പ്രസ്തുത ഉത്തരവുപ്രകാരം കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. അനുമതിയില്ലാതെ നിലംനികത്തി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അതിനെതിരെ കേരള ലാന്റ് യൂട്ടിലൈസേഷൻ ഉത്തരവിലെ ക്ലാസ് 7 അനുസരിച്ച് നോട്ടീസ് നൽകി ഭൂമി പൂർവ്വസ്ഥിതിയിലാക്കാൻ വ്യവസ്ഥയുണ്ട്. ഇപ്രകാരമുള്ള നിർദ്ദേശം പാലിക്കാതിരുന്നാൽ തരം മാറ്റത്തിനു വിധേയമായ ഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനുള്ള അവകാശം ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർ/ റവന്യൂ ഡിവിഷണൽ ഓഫീസർ എന്നിവർക്ക് അധികാരമുണ്ട്. എന്നാൽ ഭൂമിയില്ലാത്തവർക്കും താമസിക്കാൻ അഞ്ചുസെന്റ് ഭൂമിയിൽ കുറച്ച് മാത്രം ഉള്ളവർക്കും സ്വന്തമായി ഭവനം നിർമ്മിക്കുന്നതിലേയ്ക്കായി സമീപവാസികളുടെ താമസസ്ഥലങ്ങൾക്കും കൃഷിസ്ഥലങ്ങൾക്കും ഡ്രെയിനേജ് സൗകര്യങ്ങൾക്ക് ഭംഗം വരാത്ത രീതിയിൽ വസ്തു തരം മാറ്റുന്നതിന് അനുമതി നൽകാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർ/റവന്യൂ ഡിവിഷണൽ ഓഫീസർ എന്നിവർക്ക് അധികാരം നൽകിയിട്ടുണ്ട്. ലാൻഡ് യൂട്ടിലൈസേഷൻ ഉത്തരവ് കർശനമായി നടപ്പാക്കണമെന്ന് സർക്കാർ കാലാകാലങ്ങളിൽ റവന്യൂ അധികാരികൾക്ക് നിർദ്ദേശം നൽകാറുണ്ട്. 5-11-1999-ലെ 9911/എൻ.സി.എ. 3/99/കൃഷി നമ്പർ സർക്കുലർ പ്രകാരം അനധികൃത നിലം നികത്തലിനെതിരെ എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് പ്രകാരമുള്ള പിഴ, തടവ് മുതലായ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ജില്ലാകളക്ടർമാരെ അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷ കണക്കിലെടുത്ത് നിലംനികത്തലിനെതിരെ ജാഗ്രത പാലിക്കണമെന്ന് 28-2-2003-ലെ 9316/എൻ.സി.എ. 3/02 നമ്പർ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അനധികൃത നിലം നികത്തലിന്റെ ഇപ്പോഴത്തെ വ്യാപ്തിയും ഇതു സംബന്ധിച്ച പ്രശ്നങ്ങളും പഠിക്കുന്നതിനും ഇതിന് പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും വേണ്ടി ചീഫ് സെക്രട്ടറി 30-3-2004-ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർക്കുകയും ഈ പ്രശ്നം പഠിച്ച് മൂന്നുമാസത്തിനകം സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി ലാൻഡ് യൂസ് കമ്മീഷണർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. [19-5-2004-ലെ ജി.ഒ. (ആർ ടി.) നമ്പർ 724/04/കൃഷി നമ്പർ ഉത്തരവു പ്രകാരം].

ശ്രീ. സി. ടി. അഹമ്മദ് അലി: അരിക്കുവേണ്ടി അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സംസ്ഥാനമാണ് നമ്മുടേത്. ഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരുന്നതു കാരണം നെല്ലുൽപ്പാദനം കുറഞ്ഞുവരികയാണ്. അതുകൊണ്ട് ഈ പ്രത്യേക സാഹചര്യത്തിൽ സംസ്ഥാനത്ത് ഇതുപോലുള്ള എത്ര നെൽപ്പാടങ്ങൾ നികത്തിയിട്ടുണ്ട് എന്ന് വ്യക്തമായ കണക്ക് സ്വീകരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഭൂമിയുടെ സർവ്വേ നടത്തി നെൽകൃഷി വികസനത്തിന് സമഗ്രമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: 1967-ൽ ഏതാണ്ട് 8 ലക്ഷത്തിൽപ്പരം ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിരുന്നതാണ്. ഏകദേശം 3 ലക്ഷത്തിൽപ്പരം ഹെക്ടറായി അത് കുറഞ്ഞിട്ടുണ്ട്. ഈ പ്രത്യേകമായ സാഹചര്യത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു കമ്മിറ്റി വിളിച്ച് 3 മാസത്തിനകം ഇതിന്റെ റിപ്പോർട്ട് തരുന്നതിന് ആവശ്യപ്പെട്ടിരിക്കുന്നു. ആ കമ്മിറ്റി നിലവിൽ വന്നിട്ടുണ്ട്. അവരുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ അനന്തര നടപടിയായി മെമ്പർ പറഞ്ഞ ആവശ്യം പരിഗണിക്കാവുന്നതാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി: 1967-ലെ കേരള ലാന്റ് യൂട്ടിലൈസേഷൻ നിയമപ്രകാരം ഇതുവരെയായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: കേസിന്റെ വിവരം കൈയിലില്ല. അതിന് നോട്ടീസ് വേണം. എന്നാൽ വളരെ കൂടുതൽ ഭൂമിയാണ് നികത്തിയത്. ഇപ്പോൾ ഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞിട്ടുണ്ട്. പക്ഷെ നെല്ലുൽപ്പാദനം അത്ര കുറഞ്ഞിട്ടില്ല. പ്രൊഡക്ടിവിറ്റി വർദ്ധിച്ചിട്ടുണ്ട്.

ശ്രീ. കളത്തിൽ അബ്ദുള്ള: ലാന്റ് യൂട്ടിലൈസേഷൻ ആക്ട് ശക്തമായി നടപ്പാക്കുമെന്നും ഒരു സ്ഥലത്തും ഭൂമി നികത്താൻ അനുവദിക്കുകയില്ല എന്നും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇന്നലെ പറഞ്ഞു. തികച്ചും സ്വീകാര്യമായ ഒരു പ്രസ്താവനയാണത്. വയലുകൾ നികത്തി വൻകിട ഷോപ്പിംഗ് കോപ്ലക്സുണ്ടാക്കുന്ന നിലയിലേയ്ക്കാണ് പോകുന്നത്. ഞങ്ങളാരും അതിന് എതിരല്ല. നമ്മുടെ കുടുംബങ്ങൾ അണുകുടുംബങ്ങളായി മാറുമ്പോൾ, പാലക്കാടൻ മേഖലകളിലൊക്കെ നെൽപാടങ്ങൾ കൂടുതലായതുകൊണ്ട്, അഞ്ചും മൂന്നും സെന്റൊക്കെയുള്ള പാവങ്ങൾക്ക് അവരുടെ സാമ്പത്തികമായ പരിമിതിയും പരിധിയുമനുസരിച്ചുകൊണ്ട് നികത്താൻ അനുമതി കൊടുത്തേ പറ്റൂ. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി നടത്തിയ പ്രസ്താവന പുനഃപരിശോധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷമാണ്, കുടുംബങ്ങളിലെ അംഗങ്ങൾ മാറിത്താമസിക്കാൻ ആഗ്രഹിക്കുമ്പോൾ സ്ഥലമില്ലാതെ വരുന്നതുകൊണ്ട് 5 സെന്റ് ഭൂമി വരെ നികത്താമെന്ന ഓർഡർ 2002-ൽ കൊടുത്തത്. പക്ഷേ അതിപ്പോൾ മിസ്യൂട്ടിലൈസ് ചെയ്യപ്പെടുകയാണ്; വ്യാപകമായി മിസ്യൂട്ടിലൈസ് ചെയ്യുകയാണ്. ധാരാളം നിലങ്ങൾ നികത്തി. അതിന്റെ ഫലമായിട്ട് ആ ഓർഡർ ക്യാൻസൽ ചെയ്യേണ്ട സ്ഥിതിയിലാണ്. ഏതായാലും ചീഫ് സെക്രട്ടറി വിളിച്ചുകൂട്ടിയ കോൺഫറൻസിൽ ലാന്റ് യൂസ് കമ്മീഷണർ അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് മൂന്നു മാസത്തിനകം തരും. 5 സെന്റ് അല്ലെങ്കിൽ 3 സെന്റ് ആണെങ്കിലും വീടുവയ്ക്കാൻ കൊടുക്കണമെന്ന് ആഗ്രഹമുണ്ട്. പക്ഷെ നമ്മുടെ ഭൂമി മറ്റ് പ്രദേശങ്ങളിലെപ്പോലെ വില്ലേജുകളിൽ താമസത്തിന് ചെറിയ ചെറിയ കോളനികളായിട്ടല്ല കിടക്കുന്നത്. കാസർകോഡ് മുതൽ പാറശ്ശാല വരെ ഒരു കോളനി പോലെ ജനങ്ങൾ താമസിക്കുകയാണ്. ആ വിധത്തിൽ ബുദ്ധിമുട്ടുണ്ട്. പക്ഷെ, മറ്റ് ആവശ്യങ്ങൾക്കും വിൽക്കുന്നതിനുംവേണ്ടിയാണ് മിക്കവാറും ഭൂമി നികത്തുന്നത്, നികത്തിയ ഭൂമിക്ക് വമ്പിച്ച വിലയാണ്. നിലവും കരഭൂമിയും തമ്മിൽ വിലയിൽ വലിയ വ്യത്യാസമുണ്ട്. ആ വില വ്യത്യാസത്തിന്റെ അടിസ്ഥാനത്തിലാണ് നികത്തുന്നത്. അതുകൊണ്ടാണ് ഓർഡർ ക്യാൻസൽ ചെയ്തത്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പുതിയ ഒരു കമ്മിറ്റി ഇതു സംബന്ധിച്ച് എന്തു വേണമെന്ന് പരിഗണിക്കാൻ നിലവിലുണ്ട്. 5 സെന്റ് വരെ നികത്താമെന്നാണ്. കേരളത്തിലെ ജനങ്ങളുടെ അഭിപ്രായം മാനിച്ച് അവരുടെ അപേക്ഷപ്രകാരമാണ് 5 സെന്റ് വരെ നികത്താമെന്ന് പറഞ്ഞിരിക്കുന്നത്.

ശ്രീ. കളത്തിൽ അബ്ദുള്ള: നമ്മുടെ ഭൂഗർഭജലത്തിന്റെ പരിരക്ഷ ഏറ്റവും ആവശ്യമായ കൃഷിയാണ് നെൽകൃഷി എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷേ ഒരു ഘട്ടത്തിൽ നെൽകൃഷി നമ്മൾ വിചാരിച്ചതിലേറെ കുറയുകയും അതോടൊപ്പം തന്നെ നെൽകൃഷി നഷ്ടത്തിലാവുകയും ചെയ്ത സാഹചര്യത്തിൽ നമ്മുടെ കൃഷിക്കാർ തെങ്ങ്, കമുക്, കൊക്കോ തുടങ്ങിയ നിരവധി കൃഷികളിലേയ്ക്ക് പോയി. ഈ കാര്യങ്ങൾകൊണ്ടുതന്നെയാണ് നെൽപ്പാടങ്ങളിൽ ഇന്ന് തെങ്ങും കമുകും കൊക്കോയും കൃഷി ചെയ്യുന്നത്. നെൽകൃഷി കൺവെർട്ട് ചെയ്തുവെങ്കിലും ഇപ്പോഴും രേഖകളിൽ കിടക്കുന്നത് വയൽ എന്നാണ്. ഈ സാഹചര്യത്തിൽ അവർക്ക് നിലവിലുള്ള കൃഷി ചെയ്യുന്നതിന് അനുമതി കൊടുക്കുകയും മേലാൽ നെൽപ്പാടങ്ങൾ നികത്താതിരിക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്യുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ചോദിച്ചത് നികത്തണമെന്നാണോ? തുടർന്നും നികത്തണം. നിലംനികത്തൽ നെൽകൃഷിയുടെ ഉൽപ്പാദനത്തെ മാത്രമല്ല ബാധിക്കുന്നത്. മെമ്പർക്കുതന്നെ അറിയാം. ഒരു മഴ പെയ്തുകഴിഞ്ഞാൽ കേരളം വെള്ളപ്പൊക്കത്തിലാകും. അല്ലാത്ത സമയങ്ങളിൽ ഡ്രൗട്ടാണ്. എക്കോ സിസ്റ്റം മാറ്റപ്പെടുന്നു. ഇന്ന് വളരെ കൂടുതൽ ഇവ ജനജീവിതത്തെ, ശീതോഷ്ണാവസ്ഥയെ ബാധിക്കുന്നുണ്ടെന്നാണ് ഗവൺമെന്റ് മനസ്സിലാക്കുന്നത്. അതുകൊണ്ട് അനധികൃതവും ലക്കില്ലാതെയും, നിയമരഹിതമായുമുള്ള നിലംനികത്തൽ നിർത്തേണ്ടതാണ്.

കൺവർഷൻ പാടില്ല. ഇന്ന് കൺവർഷൻ ചെയ്തിരിക്കുന്ന നിലങ്ങൾ നിയമ പ്രകാരം റീകൺവർട്ട് ചെയ്യേണ്ടതാണ്. പലപ്പോഴും ഇത് നടക്കുന്നില്ല. ഈ കാര്യങ്ങൾക്ക് ഗവൺമെന്റ് നോട്ടീസ് കൊടുത്തതാണ്. മിക്കവാറും നിലം നികത്തിക്കഴിഞ്ഞതിനുശേഷം പത്തുകൊല്ലം കഴിഞ്ഞാണ് റിപ്പോർട്ട് ചെയ്യുക. അപ്പോൾ തെങ്ങ് കായ്ച്ചുകാണും. ഇതാണ് ഇന്ന് വന്നിരിക്കുന്നത്. ഇത് ഏതായാലും തിരുത്തേണ്ടതാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, നെൽപ്പാടങ്ങളിൽ വാഴക്കൃഷി ചെയ്യുന്നതും പാടങ്ങൾ കൃഷിയിറക്കാതെ തരിശ്ശായി ഇടുന്നതും പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. വാഴക്കൃഷി വ്യാപകമായി നടത്തുന്നതുകൊണ്ട് ക്യാൻസർ രോഗം കൂടുതലാണെന്ന് കഴിഞ്ഞ ദിവസം വാർത്ത വന്നിട്ടുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ വാഴക്കൃഷി നടത്തുന്നത് നിരോധിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; അത് ഏത് രീതിയിലാണ് ഗവൺമെന്റ് കാണുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സാങ്കേതിക പ്രശ്നം പഠിച്ചിട്ടില്ല. ക്യാൻസർ വരുന്നുവെന്ന് പറയുന്നതുകൊണ്ട് വാഴക്കൃഷി പ്രോത്സാഹിപ്പിക്കാതിരിക്കുന്നില്ല. വി.എഫ്.പി.സി.കെ. ഇന്ന് വാഴക്കൃഷിയെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഒരു കാലത്ത് വീടുകളിൽ വാഴക്കൃഷി ഉണ്ടായിരുന്നു. കേരളത്തിൽ വ്യാപകമായി, ഇപ്പോൾ വാഴക്കൃഷി നടക്കുന്നുണ്ട്. വാഴക്കൃഷിയെ പ്രോത്സാഹിപ്പിക്കാതിരിക്കുവാൻ ഇപ്പോൾ കൃഷി വകുപ്പ് നടപടിയൊന്നും എടുക്കുന്നില്ല മറിച്ച് ആഭ്യന്തരാവശ്യത്തിനും കയറ്റി അയയ്ക്കാനും വാഴക്കൃഷി പ്രോത്സാഹിപ്പിക്കുന്നുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: നടപടി എടുക്കുവാൻ കഴിയുകയില്ല. വാഴക്കൃഷി പാവപ്പെട്ടവർ ചെയ്യുകയാണ്; സാധാരണക്കാരൻ ചെയ്യുകയാണ്; അത് നിയന്ത്രിക്കുവാൻ പറ്റില്ല.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: അങ്ങയുടെ നാട്ടിൽ ഉണ്ടായിരുന്ന നിലങ്ങൾ മുഴുവൻ നികത്തി ഇപ്പോൾ വാഴക്കൃഷിയാണ് ചെയ്യുന്നത്. പഴയകാലത്തെ കരനിലങ്ങളിൽ നെൽകൃഷി കഴിഞ്ഞാൽ റൊട്ടേറ്റ് ചെയ്ത് പല കൃഷികളും നടത്തിയിരുന്നു. വാഴക്കൃഷി, വെറ്റിലക്കൃഷി, മറ്റ് വെജിറ്റബിൾ കൃഷിയൊക്കെ ചെയ്തിരുന്നു. അതുകൊണ്ട് പഴയ സിസ്റ്റം നിലകൊള്ളേണ്ടതുണ്ട്. എന്നാലും ഇന്ന് നിലവിലിരിക്കുന്ന നിയമപ്രകാരം നെൽകൃഷി നടത്തുന്ന സ്ഥലങ്ങളിൽ മറ്റ് ഫുഡ്ക്രോപ്പിനുപോലും കൺവർട്ട് ചെയ്യാൻ പറ്റില്ലെന്നാണ് നിയമം. അതേസമയം ചെറിയ തോതിൽ ഇടക്കാലത്തേയ്ക്ക് മൽസ്യകൃഷി നടത്താമെന്നുള്ള വിധത്തിൽ നിയമം അനുവദിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: കൃഷി നഷ്ടമായി മാറുമ്പോൾ അത് ലാഭകരമാക്കി മാറ്റുന്നതിന് നടപടി എടുക്കാറുണ്ട്. അടുത്ത കാലത്ത് വിലവർദ്ധനവ് വരുന്നതിന് മുമ്പായി ഏലകൃഷി വ്യാപകമായ നഷ്ടത്തിൽ കലാശിച്ചിരുന്നു. അവിടെയാണെങ്കിൽ മറ്റ് കൃഷി ചെയ്യാൻ അനുവാദവുമില്ല. മരങ്ങളൊക്കെ തിങ്ങിവളരുന്ന സ്ഥലങ്ങളിൽ ഏലകൃഷിക്ക് മാറ്റുന്നത് മരങ്ങൾ മുറിക്കുവാനുള്ള ദുരുദ്ദേശ്യം കൊണ്ടായിരിക്കാം. കർഷകരെ സംബന്ധിച്ചിടത്തോളം കൂടുതൽ ലാഭകരമായി മറ്റു കൃഷികൾ ചെയ്യുന്നതിന് നിലവിലുള്ള നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് അനുവാദം കൊടുക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഏലകൃഷിയെ സംബന്ധിച്ച് പ്രത്യേക പ്രൊവിഷനുണ്ട്. ഏലകൃഷി ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ തടികളൊക്കെ വെട്ടിമാറ്റി മറ്റ് കൃഷിക്കായിട്ട് കൺവർട്ട് ചെയ്യുവാൻ പ്രൊവിഷനുണ്ട്. പക്ഷേ കൃഷി ചെയ്യുന്നത് മറ്റ് ഫുഡ്ക്രോപ്സായിരിക്കണം.

ശ്രീ. പി. കെ. കെ. ബാവ: സർ, നമ്മൾ ഉൽസവ പ്രതീതിയിൽ ഹരിത വിപ്ലവവും ധവള വിപ്ലവവുമൊക്കെ നടത്തുന്നുണ്ട്. പക്ഷേ ഒരു നല്ല സദ്യ ഏർപ്പെടുത്തണമെങ്കിൽ നമുക്ക് തമിഴ്നാട്ടിൽ നിന്നും അരിയും പച്ചക്കറിയും ഇലയുമൊക്കെ കൊണ്ടുവരണമെന്നതാണ് സ്ഥിതി. ഒരു നല്ല ചായ കുടിക്കണമെങ്കിൽ പാലും തമിഴ്നാട്ടിൽ നിന്നും കൊണ്ടുവരണമെന്നതാണ് സ്ഥിതി. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇത് ശ്രമക്കുറവുകൊണ്ടല്ല. നമ്മുടെ നെൽപാടങ്ങൾ വ്യാപകമായി നികത്തപ്പെടുന്നു. നമ്മുടെ നാട്ടിൽ നിലവിൽ നിയമം വളരെ ശക്തമാണ്, കർക്കശമാണ്. നിയമം അപ്പാടെ കാറ്റിൽപ്പറത്തിയാണ് ഇങ്ങനെ വയൽ നികത്തുന്ന പ്രക്രിയ തുടർന്നുകൊണ്ടിരിക്കുന്നത്. ഇതിന് ശക്തവും ഫലപ്രദവുമായ എന്തെങ്കിലും പ്രത്യേക സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: പച്ചക്കറിക്ക് തമിഴ്നാടിനെ ആശ്രയിക്കുന്നുണ്ട്. പക്ഷേ ഈ അടുത്ത കാലത്ത് വി.എഫ്.പി.സി.കെ. ഉണ്ടായതിനുശേഷം വ്യാപകമായി പച്ചക്കറികൃഷി നടത്തുന്നുണ്ട്. തമിഴ്നാട്ടിനെ ആശ്രയിക്കുന്നത് കുറഞ്ഞുവരുകയാണ്. നമുക്ക് മാർക്കറ്റുകളുമുണ്ട്. വിപണികൾ തുറന്ന് കൃഷിക്കാർ അവിടെവച്ച് ലേലം ചെയ്തുകൊടുക്കാമെന്നതിനാലും പ്രത്യേക സഹായം കൊടുക്കുന്നതിനാലും വെജിറ്റബിൾ കൾട്ടിവേഷൻ കൂടിയിട്ടുണ്ട്. നമ്മുടെ ഏത്തക്ക ചെന്നൈ മാർക്കറ്റിൽ ഇപ്പോൾ വിൽക്കുന്നുണ്ട്. വി.എഫ്.പി.സി.കെ. പച്ചക്കറി, പഴങ്ങൾ എന്നിവ കയറ്റി അയയ്ക്കുന്നുണ്ട്. ഉൽപ്പാദനം കൂടിയിട്ടുണ്ട്. എന്നാൽ ഒരു ദിവസംകൊണ്ടോ ഒരു കൊല്ലംകൊണ്ടോ രണ്ട് കൊല്ലംകൊണ്ടോ നമ്മുടെ കുറവ് പരിഹരിക്കുവാൻ കഴിയില്ല. പരിഹരിക്കുന്നതിനുവേണ്ടിയുള്ള സംഘടിതമായ ശ്രമം നടത്തുകയാണ്. കർഷകരുടെ സഹായത്തോടെ അവരുടെ സെൽഫ് സഹകരണ ഗ്രൂപ്പുണ്ടാക്കി ആവശ്യമായിട്ടുള്ള സഹായം കൊടുത്തുകൊണ്ട് പഴവും പച്ചക്കറികളും ഉൽപ്പാദിപ്പിക്കുവാൻ ഗവൺമെന്റ് ശക്തമായ നടപടികൾ എടുത്തുവരുകയാണ്. പാൽ കുറവാണ്. ഞാൻ അധികാരത്തിൽ വരുമ്പോൾ പാൽ കൂടുതൽ ഉണ്ടായിരുന്നു. പാൽ ഒഴുക്കുകയായിരുന്നു. ഇന്ന് അതില്ല. കുളമ്പ് രോഗം വന്നപ്പോൾ എന്റെ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം ശരിയായ രീതിയിൽ ഉയർന്നുവരാത്തതുകൊണ്ടാണെന്ന് ഞാൻ പറയുന്നു. കുളമ്പുരോഗം വന്നാൽ ഉടൻ ഇടപെടണം. അതിനുള്ള നടപടികൾ വേണം. ആവശ്യമായ ഡോക്ടർമാരെ നിയമിക്കണം. മരുന്ന് സമയത്തിന് വാങ്ങണം. ഇതൊന്നും ചെയ്തില്ല. ഞാൻ കുറ്റം ഏൽക്കുകയാണ്. കാരണം എത്ര പറഞ്ഞാലും കേൾക്കാത്ത ചില ഉദ്യോഗസ്ഥരുണ്ട്. അവരെ മാറ്റിയപ്പോൾ ഡോക്ടർമാർ വന്നു. മരുന്നു വന്നു. ഇന്നത്തെ നിലയിൽ പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനായി; ഉൽപ്പാദനം വർദ്ധിച്ചു തുടങ്ങി. ആ നിലയിൽ പാലിന്റെ കാര്യത്തിൽ ആവശ്യമായ നടപടികൾ എടുക്കുന്നുണ്ട്. പച്ചക്കറി കൂടുതൽ

ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ എടുക്കുന്നുണ്ട്. നമ്മുടെ നിലങ്ങൾ ഇന്ന് നികത്തുന്നുണ്ട്. അക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക്, (അഗ്രിക്കൾച്ചറൽ ഓഫീസർമാർക്ക്) റിപ്പോർട്ട് ചെയ്യാം. അവരും റിപ്പോർട്ട് ചെയ്യുന്നില്ല. നടപടികൾ സമയത്തിന് എടുക്കുന്നില്ല. ഏതായാലും അതിനുവേണ്ടി ലാൻഡ് യൂസ് കമ്മീഷണർ അദ്ധ്യക്ഷനായി ഒരു കമ്മിറ്റി ഇപ്പോൾ രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് മൂന്നു മാസത്തിനകം തരണമെന്നാണ് പറഞ്ഞിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായിട്ടുള്ള നടപടികൾ എടുക്കാം. ആ റിപ്പോർട്ട് നിയമസഭയിൽ വച്ച് നമുക്ക് ചർച്ച ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കെ. ബാവ: സർ, നെൽപ്പാടങ്ങൾ നികത്തുന്നതുമൂലം നെൽകൃഷി കുറയുക മാത്രമല്ല ചെയ്യുന്നത്. ഭൂമിയുടെ സമതുലിതാവസ്ഥ തന്നെ തകിടം മറിയുകയാണ്. ഉദാഹരണത്തിന് പല ടൗണുകളും കാലവർഷം ആരംഭിക്കുന്നതോടുകൂടി വെള്ളത്തിനടിയിൽപ്പെട്ടു പോകുകയാണ്. പരിസരത്തുള്ള നെൽപ്പാടങ്ങളെല്ലാം നികത്തിക്കഴിഞ്ഞിരിക്കുന്നു എന്നുള്ളതാണ് കാരണം. ചില ഉദ്യോഗസ്ഥൻമാർ കാര്യമായി പ്രവർത്തിക്കുന്നില്ലായെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാർക്കെതിരെ കർക്കശമായ നടപടി എടുക്കുന്നതോടൊപ്പം തന്നെ ലാൻഡ് യൂട്ടിലൈസേഷൻ ആക്ടിന് വിരുദ്ധമായി സംസ്ഥാനത്ത് നികത്തിയിട്ടുള്ള നെൽപ്പാടങ്ങൾ തിരികെ പിടിച്ച് നെൽപ്പാടങ്ങളാക്കി മാറ്റുന്നതിന് ശക്തമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, നെൽപ്പാടങ്ങളുടെ കാര്യത്തിൽ നിയമസഭയിൽ തന്നെ രണ്ടഭിപ്രായം വന്നുകഴിഞ്ഞു. അതും ഒരു പാർട്ടിയിൽ നിന്നുതന്നെയാണ്. അതുകൊണ്ടാണ് ഒരു കമ്മിറ്റിയെ ഇതിനായി വച്ചത്. നെൽപ്പാടങ്ങൾ നികത്തിയാൽ എക്കോസിസ്റ്റം തന്നെ തകരാറിലാകുമെന്ന് ഞാൻ നേരത്തെ പറഞ്ഞു. അതുകൊണ്ടാണ് കമ്മിറ്റിയെ നിയോഗിച്ചത്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് വന്നശേഷം നിയമസഭയിൽ വച്ച് നമുക്ക് ഒരഭിപ്രായം (കൺസെൻസസ്) ഉണ്ടാക്കി കർശനമായ നടപടികൾ എടുക്കാം.

ശ്രീ. മത്തായി ചാക്കോ: സർ, 1967-ൽ എട്ടു ലക്ഷം ഹെക്ടറുണ്ടായിരുന്ന നെൽപ്പാടങ്ങൾ ഇപ്പോൾ മൂന്നു ലക്ഷമായി കുറഞ്ഞു എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. യഥാർത്ഥത്തിൽ നെൽകൃഷിയിൽ നിന്ന് മറ്റു കൃഷിയിലേയ്ക്കും കെട്ടിട നിർമ്മാണത്തിലേയ്ക്കും ആളുകൾ പോകുന്നത് നെൽകൃഷി ലാഭകരമല്ല എന്നുള്ള സ്ഥിതി വന്നതുകൊണ്ടാണ്. നെൽകൃഷിയെ സംബന്ധിച്ച ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ടും ശ്യാമസുന്ദരൻ നായർ കമ്മീഷൻ റിപ്പോർട്ടും ഗവൺമെന്റിന്റെ കൈവശമുണ്ട്. ഈ റിപ്പോർട്ടുകൾ പഠിച്ച് നടപടി എടുക്കുന്ന കാര്യത്തിൽ കഴിഞ്ഞ മൂന്നു വർഷമായി, കാര്യക്ഷമതയുള്ള മന്ത്രി എന്ന നിലയിൽ ബഹുമാനപ്പെട്ട ഗൗരിയമ്മയെ എല്ലാവരും അംഗീകരിക്കുന്നുണ്ട്; യു.ഡി.എഫിന്റെ വലയിൽപ്പെട്ടുപോയി എന്നുള്ളതേയുള്ളൂ. ഈ രണ്ടു റിപ്പോർട്ടുകളും പഠിച്ച് നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് എത്രത്തോളം പോയി എന്നുള്ളത് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, എങ്ങനെയാണ് ഞാൻ ഇപ്പുറത്തു വന്നതെന്നുള്ള കാര്യം നാട്ടുകാർക്കൊക്കെ അറിയാം. അതിനായി ശ്രീ. മത്തായി ചാക്കോ ഉൾപ്പെടെയുള്ളവർ എന്തൊക്കെ ചെയ്തു എന്നതിനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. ഇവിടത്തെ പ്രശ്നം നെൽപ്പാടങ്ങൾ നികത്തുന്നത് സംബന്ധിച്ചാണ്. എട്ടു ലക്ഷം ഹെക്ടറുണ്ടായിരുന്നത് മൂന്നു ലക്ഷം ഹെക്ടറായി ചുരുങ്ങിയത് മൂന്നു കൊല്ലം കൊണ്ടല്ല. നെൽകൃഷി ലാഭകരമല്ലായിരുന്നു. അതു ലാഭകരമല്ലാതാകാനുള്ള കാരണങ്ങൾ അനേകമുണ്ട്. മെക്കനൈസേഷൻ ചെയ്തിട്ടില്ല. പ്രൊഡക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നതിന് മണ്ണുപരിശോധന നടന്നിട്ടില്ല. പ്രൊഡക്റ്റിവിറ്റി വർദ്ധിപ്പിക്കാൻ എന്തൊക്കെ ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ച ഗവൺമെന്റ് നടപടി എടുത്തുവരുന്നു. മാത്രമല്ല, നെൽകൃഷി ലാഭകരമാക്കാൻ മാർക്കറ്റ് ഇന്റർവെൻഷൻ എഫ്ക്റ്റീവായി നടത്താൻ കഴിയണം. 420 രൂപയുണ്ടായിരുന്ന നെല്ലിന് ഇപ്പോൾ 850 രൂപയായി. മാർക്കറ്റ് ഇന്റർവെൻഷൻ കൊണ്ടു മാത്രമാണിത്. തൊഴിലാളികൾ കൂടുതലുള്ള സ്ഥലങ്ങളിൽ അവരുടെ ജോലി നഷ്ടപ്പെടാതെയും തൊഴിലാളികളെ കിട്ടാത്ത സ്ഥലങ്ങളിൽ മെക്കനൈസേഷൻ ചെയ്യാനുമുള്ള നടപടികൾ എടുത്തുവരുന്നു. ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി എടുത്താൽ, വിലയും കൂടിയാൽ ഭൂമിയുടെ കൺവെർഷൻ ഒരു പരിധി വരെ തടയാം. ഇവിടെ ഒരു സെന്റ് കരഭൂമിക്ക് ഒരു ലക്ഷം രൂപ വിലയുണ്ട്. ഏതായാലും ഇതൊരു സെൻസിറ്റീവായിട്ടുള്ള പ്രശ്നമാണ്. ഈ പ്രശ്നം നമ്മൾ എങ്ങനെ നേരിടണം, കേരളത്തെ എങ്ങനെ രക്ഷിക്കണം എന്നതാണ്. കേരളം വെള്ളത്തിൽ താഴ്ന്നുപോകാതെ രക്ഷിക്കണമെങ്കിൽ നമ്മളെല്ലാവരും കൂട്ടായിട്ട് ആലോചിക്കേണ്ടതാണ്.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, കേരളത്തിലെ നെൽപ്പാടങ്ങൾ വ്യാപകമായി നികത്തുന്നത് തടയപ്പെടുക തന്നെ വേണം. അതിനുവേണ്ടിയാണ് കെ.എൽ.യു. റൂൾസ് ഉണ്ടായത്. അന്ധൻ ആനയെ കണ്ടതുപോലെയുള്ള ചർച്ചകളും തീരുമാനങ്ങളും ഈവക കാര്യങ്ങളിൽ ഉണ്ടായാൽ മണൽ വാരൽ നിയന്ത്രണം ഉണ്ടായതു പോലെ വ്യാപകമായ അഴിമതിക്ക് ഇത് കാരണമാകാൻ ഇടയുണ്ട്. നിയമസഭാ സമിതി ഈ വക കാര്യങ്ങൾ വസ്തുനിഷ്ഠമായി പഠിക്കുകയും തെളിവെടുപ്പ് നടത്തുകയും ചെയ്തതിന്റെ റിപ്പോർട്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ കൈവശമുണ്ട്. നെൽകൃഷി ലാഭകരമല്ലാതാകുന്നു, മാത്രമല്ല, മണ്ണിന്റെ ഘടന, ജലസേചന ലഭ്യത ഇതിലൊക്കെ വന്ന മാറ്റത്തിനനുസരിച്ച് റൊട്ടേഷണൽ ക്രോപ്പോ അനുയോജ്യമായ വിളകളോ ചെയ്യേണ്ടത് അത്യാവശ്യമാണ്. മറ്റു സ്ഥലങ്ങൾ ഇല്ലാത്ത ആളുകൾക്ക് വീടു വയ്ക്കാൻ നിയമാനുസൃതം സ്ഥലം കൊടുക്കേണ്ടതും അത്യാവശ്യമാണ്. പാലക്കാട് ജില്ലയിലെ കിഴക്കൻ മേഖല ഒട്ടുമുക്കാലും ആയക്കട്ട് ഏരിയ ആണ്. ആ ആയക്കട്ട് ഏരിയ ഇന്ന് നിലം എന്ന നിർവ്വചനത്തിലാണ്. നിലമെന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തി വീടു വയ്ക്കാൻ അനുമതി കൊടുക്കുന്നത് വലിയ അപകടമാണ്. അത് പരിശോധിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, ഗവൺമെന്റിന്റെ കൈവശം നിയമസഭാ കമ്മിറ്റിയുടേത് ഉൾപ്പെടെയുള്ള റിപ്പോർട്ടുകൾ ഉണ്ട്. ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് തുടങ്ങിയ അനേകം കമ്മിറ്റി റിപ്പോർട്ടുകൾ ഉണ്ട്. എന്നിട്ടും നിലം നികത്തൽ അനുസ്യൂതം നടക്കുകയാണ്. ഇതൊക്കെ വച്ചുകൊണ്ടാണ് ചോദ്യം (സി)-യുടെ ഉത്തരത്തിൽ പറഞ്ഞത് "ചീഫ് സെക്രട്ടറി വിളിച്ചുകൂട്ടിയ ഒരു കോൺഫറൻസിൽ വച്ച് ലാൻഡ് യൂസ് കമ്മീഷണർ അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്" എന്നത്. അവരോട് ആദ്യം വിവിധ വശങ്ങൾ പഠിച്ച് അതിന്റെ റിപ്പോർട്ട് തരാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. അത് നിയമസഭയിൽ ചർച്ച ചെയ്യാം. നിയമസഭയുടെ കൺസെൻസസ് എടുത്തുകൊണ്ട്, തീരുമാനമെടുക്കാം.

ശ്രീ. പി. ജയരാജൻ: സർ, എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നെൽക്കൃഷി ഭൂമിയുടെ വിസ്തൃതി ചുരുങ്ങിവരുന്ന കാര്യം പരിശോധിച്ച് പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുവേണ്ടി ഡോ. ശ്യാമസുന്ദരൻ നായർ ചെയർമാനായിട്ടുള്ള ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. ആ വിദഗ്ദ്ധ സമിതിയുടെ ശുപാർശ ഗവൺമെന്റിനു കിട്ടിയിട്ടുണ്ട്, അതിൽ റൊട്ടേഷനനുസരിച്ച് നെൽവയലുകളിൽ ആവശ്യമായിട്ടുള്ള ഇടവിള കൃഷികൾ നടത്തണമെന്നുള്ള ശുപാർശയുണ്ടായിരുന്നു. അതുപോലെതന്നെ നിലവിലുള്ള Land Use Order കാലാനുസൃതമാക്കിക്കൊണ്ട് നിയമനിർമ്മാണം നടത്തണമെന്നുള്ള ശുപാർശയുമുണ്ടായിരുന്നു. അതു സംബന്ധിച്ച് എന്തെങ്കിലും നിയമനിർമ്മാണം നടത്തുന്ന കാര്യത്തിൽ ഗവൺമെന്റ് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഞാൻ അതുതന്നെയാണ് നേരത്തെ പറഞ്ഞത്. ഡോ. ശ്യാമസുന്ദരൻ നായരുടെ report ഉണ്ട്. ജനാർദ്ദനൻ നായരുടേതുണ്ട്, അതുപോലെ നിയമസഭാ കമ്മിറ്റികളുടേതുണ്ട്. ഡോ. ശ്യാമസുന്ദരൻ നായരുടെ ശുപാർശ വയൽ നികത്തുന്നതിനല്ല, നെൽക്കൃഷി എവിടെയൊക്കെ ചെയ്യണമെന്നുള്ളതാണ്. Intensive Paddy cultivation സംബന്ധിച്ചും Paddy Board രൂപീകരിക്കുന്നതിനെ സംബന്ധിച്ചുമാണ്. Paddy ബോർഡ് എന്ന ഒരു additional സ്ഥാപനം കൂടി വേണ്ട എന്നു തീരുമാനിച്ചു.

ശ്രീ. എം. എ. ചന്ദ്രശേഖരൻ: സർ, ലാൻഡ് യൂട്ടിലൈസേഷൻ നിയമം കർശനമായി പാലിച്ചാൽ ഒരേ സ്ഥലത്ത് ഒരേ കൃഷി മാത്രമേ ചെയ്യാൻ പറ്റുകയുള്ളൂ. പരമ്പരാഗതമായി നമ്മുടെ കൃഷിസമ്പ്രദായത്തിൽ നെൽക്കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ തന്നെ പയറും പച്ചക്കറികളുമെല്ലാം ഉൽപ്പാദിപ്പിക്കാൻ കഴിയും. അത് വളംകൂടിയാണ്. ഇന്ന് ജൈവവളമുണ്ടാക്കാൻ പച്ചില കിട്ടാത്ത കാലമാണ്. അപ്പോൾ പയറും മറ്റും ഇടവിളയായി കൃഷി ചെയ്യുന്ന പരമ്പരാഗത രീതി പ്രോത്സാഹിപ്പിക്കുമോ? ഈ നിയമം കർശനമായി പാലിക്കുകയാണെങ്കിൽ അതുപോലും ചെയ്യാൻ പറ്റാത്ത സാഹചര്യമുണ്ടാകും. ഭൂമിക്ക് അനുയോജ്യമായി കൃഷി ചെയ്യുന്ന രീതി ആവശ്യമാണെന്നുള്ള നിലയിൽ അങ്ങ് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പഴയകാലത്ത് നമ്മൾ ഒരുപ്പൂ കൃഷി ചെയ്യും, പിന്നെ പച്ചക്കറിക്കൃഷി ചെയ്യും. വീട്ടിനാവശ്യമുള്ള എല്ലാ സാധനങ്ങളുംപ നിലങ്ങളിൽനിന്നും പുരയിടങ്ങളിൽ നിന്നും ഉണ്ടാക്കുമായിരുന്നു. പക്ഷേ കാലംമാറി, അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യവും ആ കമ്മിറ്റിയുടെ റിപ്പോർട്ട് വരുമ്പോൾ നമുക്ക് ചർച്ചയ്ക്ക് വിധേയമാക്കാം.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ ഡിമാന്റ് ചർച്ചയ്ക്കിടയിൽ മറുപടി പറഞ്ഞുകൊണ്ട് കേരളത്തിലെ കൃഷിഭൂമി 1967-ൽ 8 ലക്ഷം ഹെക്ടറായിരുന്നത് 3 ലക്ഷം ഹെക്ടറായി ചുരുങ്ങിയെന്നു പറഞ്ഞു. ഇന്ന് ചോദ്യോത്തരവേളയിൽ അത് ആവർത്തിച്ചു. ഇത്തരമൊരു സ്ഥിതിവിശേഷം ഉയർന്നുവരുന്നതിനെതിരെ വലിയ പ്രക്ഷോഭസമരങ്ങൾ കേരളത്തിൽ നടന്നിട്ടുണ്ടായിരുന്നു. അന്നത് വെട്ടിനിരത്തലാണ്, കർഷകദ്രോഹമാണ് എന്ന് പ്രചരിപ്പിക്കുന്ന ചില കേന്ദ്രങ്ങൾ കേരളത്തിൽ ഉണ്ടായിരുന്നു. അത് തെറ്റാണെന്ന് അങ്ങേയ്ക്ക് ബോധ്യപ്പെട്ടിട്ടുണ്ടോ? അതുപോലെതന്നെ ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട 5 സെന്റ് ഭൂമിക്ക് കെ.എൽ.യു. ഇളവു കൊടുക്കണമെന്നുള്ള അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്. ആ ഒരു അവസ്ഥയിൽ 5 സെന്റ് ഭൂമിക്ക് കെ.എൽ.യു. ഇളവ് കൊടുക്കുമെന്നുള്ള തീരുമാനത്തിൽ അങ്ങ് ഉറച്ചുനിൽക്കുമോ എന്നുള്ളതാണ് എനിക്കറിയേണ്ടത്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഇന്നലെ ഞാൻ പറഞ്ഞതിനു വിരുദ്ധമായിട്ടാണ് നിങ്ങളുടെ ചോദ്യം.. 5 സെന്റ് നികത്താനുള്ള അവകാശവും ക്യാൻസൽ ചെയ്യുമെന്നാണ് ഞാൻ പറഞ്ഞത്. ആ 5 സെന്റ് അവകാശം ദുരുപയോഗപ്പെടുത്തുന്നു. വെട്ടിനിരത്തൽ ഒരു കയ്യേറ്റമാണ്, അന്യന്റെ ഭൂമിയും തന്റെ ഭൂമിയും കൃഷി ചെയ്യുന്നത് മൂന്നാമതൊരാൾ തടുക്കാൻ വരുന്ന രൂപത്തിൽ അത് കയ്യേറ്റമാണ്, നിയമലംഘനം നടത്തുന്നത് തടയേണ്ടത് അതിനു ചുമതലയുള്ള ഉദ്യോഗസ്ഥരാണ്. അതിന് നിയമമുണ്ട്. നിയമം ഉപയോഗിക്കാൻ നടപടികളെടുക്കേണ്ടതാണ്. അല്ലാതെ കയ്യേറ്റം നടത്തിയാൽ ഈ നാട്ടിൽ വലിയ കലാപമായിരിക്കും ഉണ്ടാകുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കൃഷി സ്ഥലങ്ങൾ സംരക്ഷിക്കുന്നതിന് സാധ്യമായ ഏതൊരു നടപടിയും സ്വാഗതാർഹമാണ്. ഇവിടെ ഓട് വ്യവസായത്തിനാവശ്യമായ കളിമണ്ണ് കുഴിച്ചെടുക്കുന്നുണ്ട്. ഈ കളിമണ്ണ് കുഴിച്ചെടുക്കുന്ന പ്രദേശം കൃഷിയോഗ്യമാക്കി തീർക്കുന്നതിനാവശ്യമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഇപ്പോൾ വ്യാപകമായി ഓടിനുവേണ്ടിയുള്ള മണ്ണ് കുഴിച്ചെടുക്കുന്ന സ്ഥലങ്ങളുണ്ട്. അങ്ങനെ കുഴിച്ചെടുത്തുകഴിഞ്ഞാൽ അത് ശരിയായി മറ്റു വിധത്തിൽ യോഗ്യമാകത്തക്കവിധത്തിലുള്ള നടപടികൾ അവർ തന്നെ ചെയ്യണമെന്നാണ് മണ്ണെടുക്കുന്ന licence വ്യവസ്ഥ. അത് ആരും പാലിക്കുന്നില്ല. എറണാകുളം മുതൽ തൃശ്ശൂർ ഭാഗത്തേയ്ക്ക് പോയാൽ ഇരുവശങ്ങളിലും മുമ്പ് നെൽക്കൃഷിയായിരുന്നു. പീച്ചി പദ്ധതി നടപ്പിലായപ്പോൾ 3 കൃഷിയായിരുന്നു ആ സ്ഥലങ്ങളെല്ലാം ഇന്ന് കുഴിച്ചുമാന്തി ഓടുണ്ടാക്കാൻ കളിമണ്ണെടുത്ത് കുളങ്ങളാക്കി, വെള്ളക്കെട്ടായി കിടക്കുകയാണ്. ആരും കുഴികൾ

നികത്തിയിട്ടില്ല. ആരും നിയമം കൂട്ടാക്കുന്നില്ല. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും അത് പാലിക്കപ്പെടുന്നതിന് നടപടികളെടുക്കുന്നില്ല. ഭൂമി ഇങ്ങനെ കുഴിച്ചിട്ടാൽ കേരളം പോലുള്ള സംസ്ഥാനത്തിന് അത് അത്യാപത്താണ്. ഒന്നുകിൽ ഡ്രൗട്ട് അല്ലെങ്കിൽ വെള്ളപ്പൊക്കം, ഒരു മഴ പെയ്താൽ നമ്മുടെ നാട്ടിലൂടെ നടക്കാൻ പറ്റില്ല. റോഡിൽക്കൂടി സൂക്ഷിച്ചല്ലാതെ വണ്ടിയോടിച്ചാൽ വണ്ടി കുഴിയിൽ വീഴും, ആളുകൾ മരിക്കുകയും ചെയ്യും. അതുകൊണ്ട് ഇതെല്ലാം സൂക്ഷിക്കേണ്ട കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോയി: സർ, അനധികൃതമായി നിലം നികത്തുന്നത് സാധാരണ ഒഴിവുദിവസങ്ങൾ നോക്കിയാണ്. ഒഴിവുദിവസം നോക്കുമ്പോൾ ആർ.ഡി.ഒ.-യ്ക്ക് സ്റ്റേ കൊടുക്കാൻ കഴിയില്ല, കോടതിയിൽ പോയി സ്റ്റേ വാങ്ങാനും കഴിയാത്ത സാഹചര്യമാണ് പലപ്പോഴുമുള്ളത്. അങ്ങനെ സ്റ്റേ കിട്ടുന്നില്ലെങ്കിൽ പിന്നീട് ആ നിലം നികത്തുന്നത് അംഗീകരിച്ചുപോകുന്ന ഒരു രീതിയാണ് കണ്ടുവരുന്നത്. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ മൂന്നു വർഷക്കാലത്തിനിടയിൽ ഇങ്ങനെ നിലംനികത്തിയ ആരുടെയെങ്കിലും പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ. ഇല്ലെങ്കിൽ തുടർന്ന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: നിലം നികത്തൽ ശനിയാഴ്ച മാത്രം നോക്കിയായിരിക്കില്ല, നിലം നികത്തുന്നത് ശനിയാഴ്ചയാണെങ്കിൽ തിങ്കളാഴ്ച നടപടിയെടുക്കാം. ഇവിടെ കൊല്ലങ്ങൾ കഴിഞ്ഞ് നടപടിയെടുത്തതായിട്ടാണ് കാണുന്നത്. അതുകൊണ്ട് എല്ലാ ഭാഗത്തുനിന്നും lapses ഉണ്ട്, ഇല്ലെന്നു ഞാൻ പറയുന്നില്ല. ഇത് നികത്തലും ബാക്കിയുള്ളതിനുമുള്ള നടപടികൾ എടുക്കുന്നതിനു വേണ്ടിയാണ്, ഇത് എങ്ങനെ effective ആക്കാമെന്നുള്ളതിനെപ്പറ്റി നോക്കുന്നതിനു വേണ്ടിയാണ് കഴിഞ്ഞമാസം ചീഫ് സെക്രട്ടറി ഇതിന്റെ ഒരു കോൺഫറൻസ് വിളിച്ചത്. ആ കോൺഫറൻസിന്റെ അടിസ്ഥാനത്തിൽ കിട്ടുന്ന റിപ്പോർട്ട് നമുക്ക് ചർച്ച ചെയ്യാം, അതുവച്ച് നമുക്ക് നടപടികളുമെടുക്കാം. നടപടി ഈ ഗവൺമെന്റിന്റെ കാലത്തും ധാരാളം എടുത്തിട്ടുണ്ട്.

ശ്രീ. ടി. വി. ചന്ദ്രമോഹൻ: വീടു പണിയുന്നതിനുവേണ്ടി അഞ്ചു സെന്റ് സ്ഥലം വരെ നികത്താമെന്നുള്ള ആനുകൂല്യം ദുരുപയോഗപ്പെടുത്തിയതുകൊണ്ട് ആ തീരുമാനം പുനഃപരിശോധിക്കാൻ തയ്യാറായി എന്നു ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. എന്നാൽ പാലക്കാട് ഹൈവേയിലും കുറ്റിപ്പുറം ഹൈവേയിലും അഞ്ചു സെന്റ് സ്ഥലമല്ല, 50 സെന്റിലധികം സ്ഥലം നികത്തിക്കൊണ്ട്, പുതിയ കേന്ദ്ര ഗവൺമെന്റ് നയത്തിന്റെ ഭാഗമായി, പെട്രോൾ ബങ്കുകൾ ദൈനംദിനം ഉയരുകയാണ്. അതിന് ആരാണ് അനുവാദം കൊടുത്തിരിക്കുന്നത്?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, അനുവാദം കൊടുക്കാതെ തന്നെ നികത്തലുകൾ ദൈനംദിനം നടക്കുന്നുണ്ട്. പെട്രോൾ ബങ്കുകൾക്കു മാത്രമല്ല. കോളേജുകൾക്കും ഓഫീസുകൾക്കും കച്ചവട സ്ഥാപനങ്ങൾക്കും മറ്റുമായി വ്യാപകമായി നികത്തൽ നടക്കുന്നുണ്ട്. ഏതാണ്ട് അഞ്ചു ലക്ഷത്തിൽപ്പരം ഹെക്ടർ സ്ഥലം അനധികൃതമായി 1967-നുശേഷം നികത്തിക്കൊണ്ടു പോയിരിക്കുന്നു. ഫലപ്രദമായി ഇതു തടയാൻ ഇതുവരെ നടപടികൾ വിരളമായിട്ടേ ഉണ്ടായിട്ടുള്ളൂ. അതിന് എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വി. കെ. സി. മമ്മത്കോയ: നെൽക്കൃഷിയുടെ വിസ്തൃതി 2001-2002-ൽ 3.22 ലക്ഷം ഹെക്ടർ ആയിരുന്നത് 2002-2003-ൽ 3.11 ലക്ഷം ഹെക്ടറായി കുറഞ്ഞിരിക്കുന്നു. അതുപോലെ തെങ്ങുകൃഷിയുടെ വിസ്തൃതി ഒരു വർഷംകൊണ്ട് 236 ഹെക്ടർ കുറഞ്ഞിരിക്കുന്നു. ഈ തരത്തിൽ കുറവു വരാനുണ്ടായ സാഹചര്യമെന്താണെന്നും അത് പരിശോധിക്കുന്നതിന് കൃഷി വകുപ്പിൽ എന്തെങ്കിലും പരിപാടികളുണ്ടോ എന്നും വ്യക്തമാക്കാമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: വ്യക്തമായി അതേക്കുറിച്ച് ഒരു ഉത്തരം പറയാൻ എനിക്കറിയില്ല. നിയമമുണ്ട്. ഇത് എഫക്ടീവായി നടത്തുന്നതിന് ആവശ്യമായ നടപടികൾ എടുക്കാനെന്തുവേണമെന്ന് കൂട്ടായി ആലോചിക്കണം. 5-2-2002-ൽ ഇഷ്യൂ ചെയ്ത ഓർഡർ പ്രകാരം അഞ്ചു സെന്റു ഭൂമിയില്ലാത്തവർക്ക് വീടു വയ്ക്കാനായി മാത്രം നികത്താനുള്ള അനുവാദമാണ് കൊടുത്തത്. അത് ഇന്ന് ദുരുപയോഗപ്പെടുത്തുകയാണ്. അതിനു മുമ്പും ധാരാളം നിലം നികത്തൽ നടന്നിരിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം

*2 T [206] ശ്രീ. എ. സി. ഷണ്മുഖദാസ്:
" കെ. പി. മോഹനൻ:
ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന തുക എത്ര തവണകളായിട്ടാണ് ഇപ്പോൾ നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ബഡ്ജറ്റ് വിഹിതം ലഭിക്കുന്നതിനുള്ള കാലതാമസം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസനപ്രവർത്തനങ്ങളെ സ്തംഭിപ്പിക്കുന്നു എന്നത് പരിഗണിച്ച് ഫണ്ട് യഥാസമയം വിതരണം ചെയ്യാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇത് സംബന്ധിച്ച് അവസാനം പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ,

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന പദ്ധതി വിഹിതം 12 തുല്യ മാസ ഗഡുക്കളായിട്ടാണ് ഇപ്പോൾ നൽകിവരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കും പരിപാടികൾക്കുംവേണ്ടി ഉൾപ്പെടുത്തിയിട്ടുള്ള പ്ലാൻ, നോൺ പ്ലാൻ ഫണ്ടുകൾ (കേന്ദ്രാവിഷ്ക്കൃത പദ്ധതി ഉൾപ്പെടെ) അതാതു വകുപ്പുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അലോട്ട്മെന്റ് വഴി നൽകുന്നു.

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly